**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4806** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജന ക്ഷേമ ബോർഡും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**ശാസ്ത്ര ക്വിസ്**<br><br>2022 , 2023 വർഷങ്ങളിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഏറനാട് മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിലും തുടർന്ന് ഹൈസ്കൂൾതല മത്സര വിജയികളെ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിലും ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിച്ചു. 2022 ൽ നിയമസഭാതലത്തിൽ IOHSS എടവണ്ണ സ്കൂൾ വിജയികളായി. 2023 ൽ ജി.എച്ച്.എസ്. പന്നിപ്പാറ സ്കൂളിലെ വിദ്യാർത്ഥികൾ വിജയികളായി.<br><br>**കലാജാഥ**<br><br>അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരായി മലപ്പുറം ജില്ലയിലെ 16 നിയോജകമണ്ഡലങ്ങളിലായി 2024 ഫെബ്രുവരി 11 മുതൽ 14 വരെ സംഘടിപ്പിച്ച **'ഉയിർപ്പ്'** കലാജാഥ 2024 ഫെബ്രുവരി 13 ന് അരീക്കോട് മണ്ഡലത്തിലെ അരീക്കോട് ബസ് സ്റ്റാന്റിൽ പരിപാടി അവതരിപ്പിച്ചു.<br><br>**ലോക പരിസ്ഥിതി ദിനം**<br><br>2024 ജൂൺ 5 ന് ലോക പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാതല ഉത്ഘാടനം ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ ആമസോൺ വ്യൂ പോയിന്റിൽ വച്ച് സംഘടിപ്പിച്ചു. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി വൃക്ഷത്തൈ നട്ടുകയും ആമസോൺ വ്യൂ പോയിന്റ് ശുചീകരണവും സംഘടിപ്പിച്ചു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>ശാസ്ത്ര ക്വിസ്</u>**<br><br>2022 , 2023 വർഷങ്ങളിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഏറനാട് മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിലും തുടർന്ന് ഹൈസ്കൂൾതല മത്സര വിജയികളെ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിലും ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിച്ചു. 2022 ൽ നിയമസഭാതലത്തിൽ IOHSS എടവണ്ണ സ്കൂൾ വിജയികളായി. 2023 ൽ ജി.എച്ച്.എസ്. പന്നിപ്പാറ സ്കൂളിലെ വിദ്യാർത്ഥികൾ വിജയികളായി.<br><br>**<u>കലാജാഥ</u>**<br><br>അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരായി മലപ്പുറം ജില്ലയിലെ 16 നിയോജകമണ്ഡലങ്ങളിലായി 2024 ഫെബ്രുവരി 11 മുതൽ 14 വരെ സംഘടിപ്പിച്ച **'ഉയിർപ്പ്'** കലാജാഥ 2024 ഫെബ്രുവരി 13 ന് അരീക്കോട് മണ്ഡലത്തിലെ അരീക്കോട് ബസ് സ്റ്റാന്റിൽ പരിപാടി അവതരിപ്പിച്ചു.<br><br>**<u>ലോക പരിസ്ഥിതി ദിനം</u>**<br><br>2024 ജൂൺ 5 ന് ലോക പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാതല ഉത്ഘാടനം ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ ആമസോൺ വ്യൂ പോയിന്റിൽ വച്ച് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വൃക്ഷത്തൈ നട്ടുകയും ആമസോൺ വ്യൂ പോയിന്റ് ശുചീകരണവും സംഘടിപ്പിച്ചു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ തുടർ പദ്ധതികളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ